# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3299 — 22.08.2017 -ൽ മറുപടിക്ക്

### മലയാളം സംസാരിച്ചതിന്റെ പേരിൽ കുട്ടികൾക്ക് ശിക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലയാള ഭാഷ സംസാരിച്ചതിന്റെ പേരിൽ സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ അധികൃതർ കുട്ടികളെ ശിക്ഷിച്ചിട്ടുള്ളതായ പരാതി ലഭിച്ചിട്ടുണ്ട്; ഏതെല്ലാം സ്കൂളുകളിൽ; വ്യക്തമാക്കാമോ ? | എ | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഒരു സ്കൂളിൽ നിന്നും മലയാളം ഭാഷ സംസാരിച്ചതിന് അധികൃതർ വിദ്യാർത്ഥികളെ ശിക്ഷിച്ചതായിട്ടുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല |
| ബി | മലയാള ഭാഷയുമായി ബന്ധപ്പെട്ട പുതിയ നിയമത്തിൽ ഇതിനാവശ്യമായ വ്യവസ്ഥ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | ബി | സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് (സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ സിലബസ് പഠിപ്പിക്കുന്ന സ്കൂളുകൾ ഉൾപ്പെടെ) സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തു കൊണ്ടുള്ള മലയാള ഭാഷാപഠന ആക്ട് 2017 ലെ സെക്ഷൻ 3(2), പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ, പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലാത്തതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ ലംഘിക്കുന്ന സ്കൂളുകളിലെ പ്രധാനാധ്യാപകന് അയ്യായിരം രൂപ പിഴ ചുമത്തേണ്ടതാണെന്നും ഈ വ്യവസ്ഥകളുടെ ലംഘനം മൂന്നുതവണ ഉണ്ടാകുന്ന പക്ഷം നിർണയിക്കാവുന്ന രീതിയിൽ സർക്കാരിന് പ്രസ്തുത |

| | | | |
|---|---|---|---|
| | | | സ്കൂളിന്റെ അംഗീകാരം റദ്ദാക്കുകയും ചെയ്യാമെന്ന് ആക്ടിന്റെ 4-ാം വകുപ്പിൽ പരാമർശിച്ചിട്ടുണ്ട്. ആക്ടിന്റെ 3-ാം വകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ നടത്തുവാൻ പാടുള്ളതല്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| **സി** | കൂടാതെ, പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും മലയാള പരിഭാഷ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ? | **സി** | ഇപ്പോൾ പരിഗണനയിലില്ല |

Kunadevi

സെക്ഷൻ ഓഫീസർ